# 'വിഷൻ 2031'
# റിപ്പോർട്ട്

കേരളത്തിന്റെ വ്യാവസായിക വികസന രൂപരേഖ രൂപപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'വിഷൻ 2031' സെമിനാർ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് ഉദ്ഘാടനം ചെയ്തു. 2031 ഓടെ കേരളത്തെ പുരോഗമനപരവും വികസിതവുമായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 33 വിഷയങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'വിഷൻ 2031' സെമിനാറുകളുടെ ഭാഗമായാണ് വ്യവസായ വകുപ്പ് 2025 ഒക്ടോബർ 23 ന് തിരുവനന്തപുരം കഴക്കൂട്ടം അൽ സാജ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വിഷൻ 2031 വ്യവസായ സെമിനാർ സംഘടിപ്പിച്ചത്.




കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക മേഖലകളിലെ പുരോഗതിയും ഭാവിസാധ്യതകളും മുന്നിൽ കണ്ട് വ്യാവസായിക പശ്ചാത്തലം രൂപപ്പെടുത്താനുള്ള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലായി മാറുന്നതായിരുന്നു വിഷൻ 2031 വ്യവസായ സെമിനാർ.






വിഷൻ 2031 ഡോക്യുമെൻ്റ് അവതരണവും പ്രസ്തുത പരിപാടിയോടനുബന്ധമായി ബഹു. മന്ത്രി നിർവ്വഹിച്ചു. ചടങ്ങിൽ ബഹു. കഴക്കൂട്ടം എം. എൽ. എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ ഒമ്പത് വർഷത്തെ വ്യവസായ വകുപ്പിൻ്റെ നേട്ടങ്ങളെക്കുറിച്ചുള്ള അവതരണം വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. നിർവഹിച്ചു. ബിപിസിഎൽ സിഎംഡി ശ്രീ. സഞ്ജയ് ഖന്ന മുഖ്യപ്രഭാഷണം നടത്തി.







വ്യവസായ വാണിജ്യ ഡയറക്ടറും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറുമായ ശ്രീ. വിഷ്ണുരാജ് പി. ഐ.എ.എസ്.; വ്യവസായ വാണിജ്യ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയും കയർ വകുപ്പ് ഡയറക്ടറുമായ ശ്രീമതി ആനി ജുലാ തോമസ് ഐ.എ.എസ്., കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ. ഐ. ആർ. ടി. എസ്., കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി), കിൻഫ്ര, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) എന്നിവയുമായി സഹകരിച്ചാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഏകദിന സെമിനാർ സംഘടിപ്പിച്ചത്.



തിരുവനന്തപുരം കഴക്കൂട്ടം അൽ സാജ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലെ 3 വേദികളിലായി വിഷൻ 2031, പൊതുമേഖലാ സ്ഥാപനങ്ങൾ, പരമ്പരാഗത മേഖല, റാംപ്/സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിങ്ങനെ 4 പ്രധാന വിഷയമേഖലകളായി തരംതിരിച്ചാണ് ഭാവികാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനായി പാനൽ ചർച്ചകളും ഒരുക്കിയിരുന്നു.

കേരളത്തിൻ്റെ സാമ്പത്തിക, സാമൂഹിക മേഖലകളിലെ പുരോഗതിയും ഭാവിസാധ്യതകളും മുന്നിൽക്കണ്ട് വ്യാവസായിക ദർശനം രൂപപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിൻ്റെ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ഈ സെമിനാർ.

***************************************************